# പരിസ്ഥിതി ദുർബലപ്രദേശങ്ങളുടെ നിയമഭേദഗതി സംശയാസ്പദം

ആശാ.കെ.ചന്ദ്രൻ

ജൈവവൈവിധ്യങ്ങളും ആവാസവ്യവസ്ഥകളും സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകത മനസിലാക്കിതന്നെയാണോ പരിസ്ഥിതി ദുർബലപ്രദേശ് നിയമം കൊണ്ടുവന്നതെന്ന സംശയം ജനിപ്പിക്കും വിധമാണ് പരിസ്ഥിതി ദുർബലപ്രദേശങ്ങളുടെ സംരക്ഷണം സംബന്ധിച്ച കേരള വനനിയമം (വെസ്റ്റിങ്ങ് ആൻഡ് മാനേജ്മെന്റ് ഓഫ് എക്കലോജിക്കലി ഫ്രൈജൈൽ ലാൻഡ് ആക്ട്) ഭേദഗതി ചെയ്യാനുള്ള മന്ത്രിസഭാ തീരുമാനം. തനത് ജൈവികആവാസഥപരിസ്ഥതിയിൽ മുഖ്യധാരാസമൂഹങ്ങളുടെ കടന്നുകയറ്റം ഒരുപരിധിവരെ ഒഴിവാക്കാൻ ഈ നിയമം സഹായിച്ചിരുന്നു.

ഏപ്രിൽ 17 ന് ചേർന്ന മന്ത്രസഭായോഗത്തിൽ നിലവിലുള്ള നിയമത്തിൽ ഇളവുകൾ നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. പരിസ്ഥിതി ദുർബല പ്രദേശമായി വിജ്ഞാപനം ചെയ്തിട്ടുള്ള സ്ഥലങ്ങളിൽ അഞ്ചേക്കർവരെ ൂമിയുള്ള കർഷകർക്ക് പുതിയ ഭേദഗതിയുടെ പ്രയോജനം ലിക്കുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നു. 2001 ലെ പരിസ്ഥിതി ദുർബല പ്രദേശ നിയമപ്രകാരം , തുച്ഛമായ ൂമി കൈവശമുള്ള മലയോര കർഷകർക്കും മറ്റ് കൃഷിയുടമകൾക്കും ഭൂമി ക്രയവിക്രയം നടത്താൻ കഴിയാതെ വന്നിട്ടുണ്ട്. ഇത്തരം കർഷകരെ സഹായിക്കാനായി നടപടികൾക്ക് വിധേയമായി നിയമഭേദഗതി കൊണ്ടുവരുമെന്നാണ് സർക്കാർ പറയുന്നത്. ഇ.എഫ്.എൽ ആയി വിജ്ഞാപനം ചെയ്യപ്പെട്ട ഭൂമിയെക്കുറിച്ചുള്ള പരാതികൾ പുതിയ ഭേദഗതിയിലൂടെ ലളിതമായി പരിഹരിക്കാനാകും. കർഷകർക്ക് കോടതിയെയോ ട്രിബ്യൂണലിനെയോ സമീപിക്കുന്നതിന് പകരം പരാതികളിൽ തീരുമാനമെടുക്കാൻ പ്രത്യേകസമിതിയെ അധികാരപ്പെടുത്തുന്ന രീതിയാണ് ഭേദഗതിയിലുള്ളത്. ഇതിനായി ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഉൾപ്പെട്ട സമിതിയാണുള്ളത്. എന്നാൽ ഇ.എഫ്.എൽ പ്രദേശങ്ങളുടെ ചുമതലക്കാരനായ കസ്റ്റോഡിയന്റെ അധികാരത്തിൽ കുറവ് വരുത്തിയിട്ടില്ല. ഭൂമി കൈമാറ്റങ്ങൾക്ക് അന്തിമ തീരുമാനത്തിന് കസ്റ്റോഡിയന്റെ അംഗീകാരം ആവശ്യമാണ്.

എന്നാൽ ഏത് അവസ്ഥയിലാണ് പരിസ്ഥിതി ഈ ഭേദഗതിയെ ഉൾക്കൊള്ളാൻ പോകുന്നതെന്ന ചർച്ചയ്ക്ക് സർക്കാർ ഇതേവരെ തയ്യാറായിട്ടില്ല.

**സുഗതകുമാരി**

ഇ.എഫ്.എൽ ഏറ്റെടുത്ത് സംരക്ഷിക്കുന്നതിൽ വളരെയധികം സന്തോഷിക്കുകയും സ്വാഗതം ചെയ്യുകയും ചെയ്ത ഒരാളാണ് ഞാൻ. എന്നാൽ സർക്കാർ ആവട്ടെ ആ നിയമത്തിലും വെള്ളം ചേർത്തിരിക്കുന്നു. പരിസ്ഥിതി ദുർബല പ്രദേശങ്ങൾ സംരക്ഷിക്കുന്നതിൽ സർക്കാർ പരാജയപ്പെടുന്ന കാഴ്ചയാണ് കാണാൻകഴിയുന്നത്. ഭാവി തലമുറയ്ക്കവേണ്ടി സൂക്ഷിച്ച് വയ്ക്കേണ്ട ദുർബല ആവാസവ്യവസ്ഥകളാണ് ഇ.എഫ്.എൽ. ഇതിൽ കാടും തണ്ണീർതടങ്ങളും, പുഴകളും, മലയോര പ്രദേശങ്ങളും, വയലുകളും എല്ലാം പെടും. ഇവയെ നശിപ്പിക്കുന്നതിന് തയാറായിരിക്കുന്ന ഭൂ മാഫിയകൾക്ക് സർക്കാർ തലകുനിച്ചുകൊടുക്കുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്.

പൊൻമുടി മെർക്കിസ്റ്റൻ എസ്റ്റേറ്റ് മുതലായവയുടെ രാഷ്ട്രീയപരിസ്ഥിതിയെ സഹായിക്കുന്ന നിലപാടാണ് സർക്കാർ ഈ ഭേദഗതയിലൂടെ കൈക്കൊള്ളുന്നത്. അഞ്ചേക്കർവരെ ഭൂമിയുള്ള കർഷകർ എന്ന നിബന്ധന തന്നെ തുണ്ടു ഭൂമികളാക്കി വനപ്രദേശങ്ങൾ വിൽക്കുന്നതിനുള്ള വഴിയൊരുക്കുകയാണോ സർക്കാർ എന്ന ആക്ഷേപമുണ്ട്.

കർഷകരിൽ നിന്നും അഞ്ചേക്കർ ഭൂമി വീതം സ്വരൂക്കൂട്ടി വൻകിട ഭൂ മാഫിയകൾ ഈ ഭേദഗതിയുടെ മറവിൽ തഴച്ചുവളരാനുള്ള സാധ്യത തള്ളിക്കളയാനാകില്ല. ഐ.എസ്.ആർ.ഒ സ്പേസ് ഇൻസ്റ്റിട്ടീനായി പൊൻമുടിയിൽ കണ്ടെത്തിയ നൂറേക്കർ 2001 ൽ ഇ.എഫ്.എൽ ആയി പ്രഖ്യാപിച്ചിട്ടുള്ള 280 ഏക്കർ ഭൂമിയിൽ ഉൾപ്പെട്ടതാണ്. ഐ.എസ്.ആർ.ഒയുമായുള്ള ഇടപാടിനുള്ള വാദത്തിന് ശേഷം ഇ.എഫ്.എൽ നോട്ടിഫിക്കേഷൻ റദ്ദ് ചെയ്യാൻ വസ്തു ഉടമയായ സേവി മനോമാത്യൂ അപേക്ഷ നൽകിയിട്ടുള്ളതും ഈ അവസരത്തിൽ സ്മരിക്കേണ്ടിയിരിക്കുന്നു.

കോഴിക്കോട് സംഘടിപ്പിച്ച പരിസ്ഥിതി കൂട്ടായ്മയിൽ നിയമഭേദഗതി വരണമെന്ന ആവശ്യമാണ് കർഷകർ ഉൾപ്പെട്ട പരിസ്ഥിതി പ്രവർകത്തകർ ഉന്നയിച്ചത്. എന്നാൽ ഇതിന് പിന്നിൽ പതിയിരിക്കുന്ന പരിസ്ഥിതിപരമായ അപകടങ്ങളുടെ വ

ഴിയെക്കുറിച്ച് ചിന്തിക്കേണ്ടിയിരിക്കുന്നു. വനപ്രദേശങ്ങളും ജൈവവൈവിധ്യപരമായി സംരക്ഷിക്കപ്പെട്ട് പോന്നിട്ടുള്ള സ്ഥലങ്ങളും നഷ്ടമാകാൻ ഒരുപരിധിവരെ ഈ നിയമഭേദഗതി കാരണമാകും.

**പ്രൊഫ.എം.കെ പ്രസാദ്**

നിലവിലുള്ള ഇ.എഫ്.എൽ നിയമം ഭേദഗതി ചെയ്യാനുള്ള മന്ത്രിസഭാ തീരുമാനം ശാസ്ത്രീയമായി തെറ്റാണ്. ഒരു സെന്റീമീറ്ററായും ഒരേക്കറായാലും കാർഷികാവശ്യത്തിനോ സ്വകാര്യ ആവശ്യങ്ങൾക്കോ ആയി വനഭൂമി ഉൾപ്പെട്ട സംരക്ഷിത പ്രദേശങ്ങൾ വിട്ടുകൊടുക്കുന്നത് പരിസ്ഥിതിയോടുള്ള നിസാര സമീപനത്തിന്റെ ഫലമാണ്. ഇത്തരത്തിലുള്ള അവഗണന നീക്കി ഗൗരവപരമായി കൈകാര്യം ചെയ്യാൻ സർക്കാർ തയ്യാറാകണം

റിസർവ്വ് വനവിസ്തൃതി വർധിക്കാൻ കഴിഞ്ഞുവെന്ന് അവകാശപ്പെടുന്ന വനംവകുപ്പ് അധികൃതർ ഇ.എഫ്.എൽ പ്രദേശങ്ങളെ നഷ്ടപ്പെടുത്തുകയാണോ ഈ ഭേദഗതിയിലൂടെ ഉദ്ദേശിക്കുന്നത്? വനഭൂമി തിരിച്ച് പിടിക്കുന്നതിനുള്ള സാഹസിക നിയമം ഏറ്റെടുത്ത സർക്കാർ ഇ.എഫ്.എൽ നിയമ ഭേദഗതി കൊണ്ടുവരുന്നതോടെ വനപ്രദേശങ്ങളും മറ്റും സ്വകാര്യവത്കരിക്കുന്ന നടപടിയിലേക്കാണോ നീങ്ങിക്കൊണ്ടിരിക്കുന്നത്?

• റിപ്പോർട്ട്

# തൂത്തമ്പാറ എസ്റ്റേറ്റ്സ് കൈമാറരുത്

കേരളീയം വാർത്താ ശൃംഖല

പാട്ടക്കാലാവധി കഴിഞ്ഞ നെല്ലിയാമ്പതിയിലെ തൂത്തമ്പാറ എസ്റ്റേറ്റ് പ്ലാന്റേഷൻ കോർപ്പറേഷന് കൈമാറാനുള്ള നീക്കത്തിനെതിരെ പാലക്കാട് അതിഥി ഹാളിൽവെച്ച് വനം-പരിസ്ഥിതി കൺവെൻഷൻ നടന്നു. പാട്ടക്കാലാവധി കഴിഞ്ഞ പോബ്സൺ ഗ്രൂപ്പിന്റെ കൈവശമുണ്ടായിരുന്ന എസ്റ്റേറ്റ്സ് 341 ഏക്കറാണുള്ളത്. എൻഡോസൾഫാൻ പോലെയുള്ള മാരകവിഷം തളിക്കുന്നതിൽ അരോപണ വിധേയരായ പ്ലാന്റേഷൻ കോർപ്പറേഷന് തോട്ടം കൈമാറുന്നതോടെ വലിയ അപകട സാധ്യതയുണ്ടെന്നാണ് വിലയിരുത്തപ്പെടുന്നത്. വനമായി സംരക്ഷിക്കേണ്ട ഈ പ്രദേശം വീണ്ടും തോട്ടമായി മാറ്റാനുള്ള നീക്കം നിരവധി പാരിസ്ഥിതിക പ്രത്യാഘാതങ്ങൾക്ക് കാരണമാകും. പ്ലാന്റേഷൻ കോർപ്പറേഷന് കൈമാറുക വഴി വീണ്ടും എസ്റ്റേറ്റ്സ് സ്വകാര്യ വ്യക്തികളുടെ കയ്യിലെത്തുന്നതിനുള്ള സാധ്യതയും ഏറെയാണ്. പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി വീണ്ടും പാട്ടത്തിന് കൊടുക്കുന്നതിന് സുപ്രീംകോടതിയുടെ നിയന്ത്രണത്തിലുള്ള എംപവർ കമ്മറ്റിയുടെ അംഗീകാരം വേണമെന്നിരിക്കെയാണ് അതിനൊന്നും മുതിരാതെ സർക്കാർ ഇത്തരമൊരു തീരുമാനത്തിലേക്ക് നീങ്ങുന്നത്.

കേരളത്തിലെ വന വിസ്തൃതി വർദ്ധിപ്പിക്കുക എന്ന മഹത്തായ ലക്ഷ്യത്തോടെ 2000 ജൂണിൽ നായനാർ സർക്കാർ പരിസ്ഥതി ദുർബല പ്രദേശങ്ങൾ വീണ്ടെടുക്കലും സംരക്ഷണവും സംബന്ധിച്ച ഓർഡിനൻസ് കൊണ്ടുവന്നു. പിന്നീട് 2003-ൽ ആന്റണി സർക്കാർ ഇത് നിയമമായി പാസാക്കി. നമ്മുടെ ഭൂപരിഷ്കൃത നിയമം പോലെ പരക്കെ വിശേഷിപ്പിക്കപ്പെട്ട ഒരു പുരോഗമന പരമായ സാമൂഹ്യ നിമയമനിർമ്മാണമായിരുന്നു അത്. മാത്രമല്ല, നിയമസഭയിലും പുറത്തുമൊക്കെ വളരെ വിശദമായി ചർച്ച ചെയ്ത് പരിഹൃതമായ പ്രശ്നമാണിത്. ഈ നിയമം ഉപയോഗിച്ച് 15,000 ഏക്കറോളം വന ഭൂമി സർക്കാരിൽ നിക്ഷിപ്തമായിട്ടുണ്ട്. ഇനിയും ഏക്കർ കണക്കിന് ഇത്തരം ഭൂമി നിക്ഷിപ്തമാക്കാനുള്ള നടപടി നടന്നുവരുന്നു. എന്നാൽ റിയൽ എസ്റ്റേറ്റ്-വനം മാഫിയകളുടെ സമ്മർദ്ദഫലമായി ചെറുകിട കൃഷിക്കാരുടെ പേരിൽ അഞ്ച് ഏക്കർ വരെയുള്ള ഭൂമി ഈ നിയമത്തിന്റെ പരിധിയിൽനിന്ന് ഒഴിവാക്കുവാൻ മന്ത്രിസഭായോഗം തീരുമാനിച്ചു കഴിഞ്ഞു. ഇത് നിയമസഭയെ അവഹേളിക്കലും ജന വഞ്ചനയുമാണെന്ന് പറയാതെ തരമില്ല.

തൂത്തമ്പാറ, റോസറി, ബിയാട്രീസ് എസ്റ്റേറ്റുകൾ പറമ്പിക്കുളം കടുവ സങ്കേതത്തിന്റെ കോർ പ്രദേശത്ത് ഉൾപ്പെടുത്തണമെന്നും കൺവെൻഷൻ ആവശ്യപ്പെട്ടു. പരിസ്ഥിതി ദുർബല പ്രദേശങ്ങൾ വീണ്ടെടുക്കുന്നതിനും സംരക്ഷിക്കുന്നതിനുമായുള്ള 2003ലെ നിയമത്തിന്റെ പരിധിയിൽനിന്നും 5 ഏക്കർ ഒഴിവാക്കുന്നത് പ്രസ്തുത നിയമത്തെ ദുർബലപ്പെടുത്തുമെന്നതിനാൽ ആ ശ്രമം ഉപേക്ഷിക്കണമെന്നും ആവശ്യമുയർന്നു. സർക്കാർ ഈ തീരുമാനങ്ങളിൽ നിന്നും പിന്മാറിയില്ലെങ്കിൽ പ്രക്ഷോഭമാരംഭിക്കുമെന്ന് കൺവെൻഷൻ ഉദ്ഘാടനം ചെയ്ത തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു.

പ്രിയ കേരളീയം വായനക്കാരാ/രി, താങ്കൾ കേരളീയത്തോടൊപ്പം എന്നും ഉണ്ടായിരുന്നു. നമ്മൾ സാമ്പത്തിക പ്രതിസന്ധിയിലാണ്. ദയവായി വരിസംഖ്യ (240 രൂപ), കഴിയുന്ന സംഭാവന ഉടനെ അയച്ചുതരിക.
കേരളീയം, കൊക്കാലെ
തൃശൂർ-21.
ഫോൺ : 9446576943, 9446586943, 0487-2421385

*With best compliments from*
CENTRE FOR POST GRADUATE STUDIES
P.G.Centre
North Bus Stand, Thrissur-20.
Ph: 2338983, 6950675 e-mail : pgcentre.tsr@gmail.com